(ബി) ഓരോന്നിനും ചെലവായ തുകയെത്ര ;

(സി) എരുമപ്പെട്ടി പഞ്ചായത്തിൽപ്പെട്ട കാക്കംതടം കേന്ദ്രമായി ഒരു പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ;

(ഡി) ഇതിന്റെ നടത്തിപ്പിനെപ്പറ്റി എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു ;

(എഫ്) ഈ പദ്ധതിയിൽ നിർമ്മിച്ച കയ്യാല മോഗികമായെങ്കിലും ഇപ്പോൾ ഇടിഞ്ഞു പോയിട്ടുണ്ടോ ?

ഉത്തരം

(എ, ബി) ഫ്ളഡ് റിലീഫ് സ്കീമിൽപ്പെടുത്തി കണ്ണൂർ ജില്ലയിൽ മണ്ണു സംരക്ഷണ പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ള ഇടങ്ങളുടെയും ചെലവിന്റെയും വിവരം താഴെ കൊടുത്തിട്ടുണ്ട്.

സ്ഥലം	ചെലവായ രൂപ
കാക്കം തടം–1	4,57,390
കാക്കം തടം–2	1,50,353
പാലുകാച്ചിമല–1	1,98,460
പാലുകാച്ചിമല–2	1,85,876
ചാത്തമല–1	1,43,283
ചാത്തമല–2	2,06,209
ഫർലാങ്ങർ	1,99,008
കൊടപ്പാ	52,352

(സി) എരുമപ്പെട്ടി പഞ്ചായത്തിൽപ്പെട്ട കാക്കംതടം കേന്ദ്രമാക്കി കാക്കംതടം–1, കാക്കംതടം–2 എന്നീ രണ്ടു പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) ജില്ലാകളക്ടർ അന്വേഷിച്ചു വരുന്നു.

(എഫ്) ഈ പദ്ധതിയിലെ കയ്യാലകൾ ഒന്നുംതന്നെ ഇടിഞ്ഞു പോയതായി റിപ്പോർട്ട് ലഭിച്ചിട്ടില്ല.

31-5-1986 വരെയുള്ള വില്പന നികുതി, കാർഷികാദായ നികുതി കുടിശ്ശിക

1255 [2235] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. വി. കെ. രാജൻ :
,, എം. കെ. കേശവൻ :
,, കെ. ആർ. ചന്ദ്രമോഹനൻ :
,, കെ. പി. പ്രഭാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 31-5-1986 വരെ ഗവൺമെന്റിന് പിരിഞ്ഞുകിട്ടാനുള്ള വില്പന നികുതി, കാർഷികാദായ നികുതി കുടിശ്ശിക എത്ര;

(ബി) അതിൽ ഗവൺമെന്റിൽ നിന്നോ കോടതിയിൽ നിന്നോ സ്റ്റേ നൽകിയിട്ടുള്ള സംഖ്യ എത്ര ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 31-5-86-ലെ കണക്കുകൾ ലഭ്യമല്ല. 31-3-86-ലെ താൽകാലിക കണക്കിൻ പ്രകാരം വില്പന നികുതിയിനത്തിൽ 139.85 കോടി രൂപയും കാർഷികാദായ നികുതിയിനത്തിൽ 28.44 കോടി രൂപയും കുടിശ്ശിക യിനത്തിൽ പിരിഞ്ഞുകിട്ടാനുണ്ടായിരുന്നു.

(ബി) വില്പന നികുതി

കോടതി നല്കിയ സ്റ്റേ 19.13 കോടി രൂപയ്ക്ക്.

ഗവൺമെൻറ് നൽകിയ സ്റ്റേ 7.54 ,,

കാർഷികാദായ നികുതി

കോടതി നൽകിയ സ്റ്റേ 0.80 ,,

ഗവൺമെൻറ് നൽകിയ സ്റ്റേ 0.84 ,,

കൊച്ചി നിർമ്മാണ ശാലയുടെ വില്പനനികുതി കുടിശ്ശിക

1256 [2236] ശ്രീ. സി. വാസുദേവമേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വില്പന നികുതിയിനത്തിൽ കൊച്ചി കപ്പൽ നിർമ്മാണശാല കുടിശ്ശിക വരുത്തിയിട്ടുണ്ടോ ; എങ്കിൽ എത്ര ;

(ബി) ഈ കുടിശ്ശിക പിരിച്ചെടുക്കാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ എന്തു നടപടി ;

(സി) കപ്പൽശാലാധികൃതർ ടാക്സ് ഹോളിഡേ ആവശ്യപ്പെട്ടി രുന്നുവോ ;

(ഡി) എങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു ?

ഉത്തരം

(എ) വില്പന നികുതിയിനത്തിൽ കൊച്ചി കപ്പൽ നിർമ്മാണ ശാലയിൽ നിന്നും 2,79,94,586 രൂപ കുടിശ്ശികയുണ്ട്.

(ബി, സി, ഡി) കുടിശ്ശിക വസൂലാക്കുന്നതിന് റവന്യൂ റിക്കവറി ആക്ട് പ്രകാരം നടപടികളും സ്വീകരിച്ചിരുന്നു. എന്നാൽ കപ്പൽശാലയ്ക്കു നികുതിയിളവ് അനുവദിക്കണമെന്ന ആവശ്യം സംബന്ധിച്ച് സംസ്ഥാന ഗവൺമെൻറുമായി ഒരു ചർച്ച നടത്തണമെന്ന് കേന്ദ്രഗവൺമെൻറ് താൽപര്യപ്പെട്ടതുകൊണ്ട് നികുതി കുടിശ്ശിക വസൂ ലാക്കാൻ തൽക്കാലം കർശന നടപടികളും എടുക്കേണ്ടതില്ലെന്ന" ഗവൺമെൻറ് തീരുമാനിച്ചിരിക്കുകയാണ്.

കപ്പൽശാലാധികൃതർ ടാക്സ് ഹോളിഡേ ആവശ്യപ്പെട്ടിരുന്നു. ഇക്കാര്യം അനുവദിക്കാൻ പറ്റുകയില്ലെന്നു കപ്പൽശാലാധികൃതർക്കു മറുപടി നൽകിയിട്ടുണ്ട്. എന്നാൽ സംസ്ഥാനത്ത് നിർമ്മിച്ചു വിൽക്കുന്ന കപ്പലുകൾക്ക് നികുതി നിരക്ക് 5 ശതമാനമായി കുറച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly